## പ്രൈമറിസ്കൂൾ സർവ്വീസിലുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹയർ ഗ്രേഡ്

*587 [625] ശ്രീ. ആർ. സുന്ദരേശൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറിസ്കൂൾ സർവ്വീസുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് എത്ര വർഷത്തെ സർവ്വീസ് തികയുമ്പോഴാണ് ഹയർ ഗ്രേഡ് അനുവദിക്കുന്നത്;

(ബി) തൽസംബന്ധമായ ഉത്തരവുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പ്രൈമറിസ്കൂൾ സർവ്വീസുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് 15 വർഷത്തെ പ്രൈമറിസ്കൂൾ സർവ്വീസ് കഴിച്ചുള്ള സർവ്വീസ് ഹൈസ്കൂൾ സർവ്വീസിനോടു ചേർത്ത് 12 വർഷം തികയുമ്പോൾ ഹയർ ഗ്രേഡ് അനുവദിക്കുന്നതാണ്.

(ബി) 27.5.70 ലെ ജി. ഒ. എം. എസ്. 237/70/എഡ്യൂ. നമ്പർ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

## സിനിമാ തിയേറ്ററുകൾ

*588 [627] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സിനിമാ തിയേറ്ററുകൾ ഉണ്ട്;

(ബി) അതിൽ സ്ഥിരമെത്ര, താൽക്കാലികമെത്ര;

(സി) എയർകണ്ടീഷൻഡ് തിയേറ്ററുകൾ എത്ര;

(ഡി) എയർ കൂളർ എത്ര;

(ഇ) സിനിമാ തിയേറ്ററുകളിൽ നിയന്ത്രണമില്ലാതെ ടിക്കറ്റു നിരക്ക് നിശ്ചയിക്കുന്നതിനെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ):

(എ,ബി) 1977 ജൂലായ് മാസം വരെയുള്ള സ്ഥിതിവിവരകണക്കുകളനുസരിച്ച് കേരളത്തിൽ ആകെ 895 സിനിമാതിയേറ്ററുകൾ ഉണ്ട്. ഇതിൽ 870 എണ്ണം സ്ഥിരം തിയേറ്ററുകളും, 25 എണ്ണം (ടൂറിങ്ങ് സിനിമ ഉൾപ്പെടെ) താൽക്കാലിക തിയേറ്ററുകളുമാണ്. ഇതിനെ സംബന്ധിച്ച് നാളിതുവരെയുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചുവരികയാണ്.

(സി,ഡി) 1979 മാർച്ച് മാസം വരെയുള്ള സ്ഥിതിവിവരക്കണക്കുകളനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രം 6 എയർ കണ്ടീഷൻഡ് തിയേറ്ററുകളും, ഒരു എയർ കൂൾഡ് തിയേറ്ററും ഉണ്ട്. സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു വരികയാണ്.

† അനുബന്ധം 1.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സിനിമാ തിയേറ്ററുകൾ വിനോദശാലകളായതുകൊണ്ട് അത്തരം വിനോദശാലകളിലേക്കുള്ള പ്രവേശന ടിക്കറ്റുകളുടെ നിരക്കുകൾ നിശ്ചയിക്കേണ്ടതു അതാതു തിയേറ്ററുടമകളാണ്. ഗവൺമെൻറിന് ഇതിൽ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കുകയില്ല.

## വിദ്യാഭ്യാസവകുപ്പിലെ കേസുകൾ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക ട്രിബ്യൂണൽ

*589 [628] ശ്രീ. പി. റ്റി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ;

(എ) വിദ്യാഭ്യാസവകുപ്പിലെ കേസുകൾ തീർപ്പുകൽപിക്കുവാൻ പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തുനടപടി സ്വീകരിച്ചു;

(സി) വിദ്യാഭ്യാസവകുപ്പിലെ വർദ്ധിച്ച ജോലിഭാരം കുറയ്ക്കാൻ വേണ്ടി പ്രസ്തുത ട്രിബ്യൂണലുകൾ രൂപീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിദ്യാഭ്യാസവകുപ്പിനായി ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കണമെന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലില്ല.

## വിദ്യാഭ്യാസവകുപ്പ് പുന:സംഘടിപ്പിക്കുന്നതു സംബന്ധിച്ച സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട്

*590 [629] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി റിപ്പോർട്ടു സമർപ്പിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചുവോ;

(സി) അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) നിയോഗിച്ചിരുന്നു.

(ബി) ലഭിച്ചു.

(സി) സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട് തത്വത്തിൽ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. ഡി. ഇ. ഒ.-മാരെ നേരിട്ട് നിയമിക്കണമെന്ന ശുപാർശയിൽ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു ശുപാർശകൾ കാലോചിതമായി മാറ്റങ്ങൾ വരുത്തി നടപ്പാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly